# ഒരു 'പ്രാന്തൻ കണ്ടൽ' ജീവിതം പറയുന്നു

**രൺജിത്ത്. കെ. ആർ**

കണ്ടൽ നട്ട മനുഷ്യന് പറയാനുണ്ടാവുക കണ്ടലുകൾക്കിടയിലെ ജീവിതം മാത്രമായിരിക്കുമെന്ന മുൻധാരണ സൃഷ്ടിക്കുന്നതാണ് കല്ലേൻ പൊക്കുടന്റെ ആത്മകഥയുടെ തലക്കെട്ട്. എന്നാൽ മുൻധാരണകളെ

**പുസ്തകപരിചയം**



തിരുത്താൻ നിർബന്ധിക്കുന്ന നേർ അനുഭവങ്ങളുടെ പങ്കുവയ്ക്കലാണ് പൊക്കുടൻ 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം' എന്ന ചെറുപുസ്തകത്തിൽ നടത്തുന്നത്.

ജീവിതത്തിന്റെ അടിമണ്ണിലേക്കും അന്തരീക്ഷത്തിലേക്കും ശക്തമായ ശ്വാസനവേരുകളിറക്കിയാണ് പൊക്കുടൻ "പച്ചമണ്ണിന്റേയും പച്ചമീനിന്റേയും പുതുനെല്ലിന്റേയും" മണവും നേരുമുള്ള വാക്കുകൾ കണ്ടെത്തുന്നത്. "ഒരു പുലയന് ജീവിത ചരിത്രമുണ്ടോ?" പണ്ടേ ചോദിക്കേണ്ടിയിരുന്നതും ഇന്നും പ്രസക്തമായതുമായ ചോദ്യം ഉയർത്താനും സ്വന്തം കഥ പറഞ്ഞ് അതിന് മറുപടി പറയാനും പൊക്കുടന് കഴിയുന്നുണ്ട്. അസാധാരണത്വങ്ങളില്ലാത്ത ജീവിതങ്ങൾക്കും സാധാരണക്കാരന്റെ ആശയങ്ങൾക്കും ഇടപെടലുകൾക്കും സമൂഹജീവിതത്തിൽ ഉള്ളതും ഉണ്ടാകേണ്ടതുമായ ഇടം -അതാണ് പൊക്കുടൻ സ്വയം കണ്ടെത്തിയത്. സാധാരണക്കാരന്റെ അപൂർവ്വമായ ഇടപെടലിന്റെ സാധ്യതകളും പ്രാധാന്യവുമാണ് പൊക്കുടന്റെ ജീവിതകഥ ധ്വനിപ്പിക്കുന്നത്. ഒപ്പം സ്വന്തം ജീവിതത്തോടുപോലും നമുക്ക് നഷ്ടപ്പെട്ടുപോകുന്ന ആത്മാർത്ഥതയുടെ തിരിച്ചു പിടിക്കലിനെ കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ കൂടിയുണ്ട് പൊക്കുടന്റെ ജീവിതത്തിൽ; ഓരോരുത്തരും സ്വയം കണ്ടെത്തേണ്ട ജീവിതദർശനത്തെ കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ.

"ഞാൻ ഒരു പ്രാന്തൻ കണ്ടലാണ്" എന്ന് പൊക്കുടൻ സ്വയം കണ്ടെത്തുന്നു. സ്വന്തം മണ്ണിന്റെ ജീവനും നീരും കണ്ടെത്തിയ ഒരു പച്ച മനുഷ്യനു മാത്രമേ പ്രകൃതിയോട് ഇത്രയും അടുക്കാൻ കഴിയൂ. ആ അടുപ്പം തന്നെയാണ് പൊക്കുടന്റെ ജീവിതം. ആ ജീവിതമാണ് അദ്ദേഹത്തിന്റെ പുസ്തകം.

കണ്ടൽ നട്ട മനുഷ്യന്റെ ജീവിതം പ്രസിദ്ധീകരിച്ചത് മീഡിയാ മാജിക്.

എഡിറ്റർ താഹ മാടായി. എൻ. പ്രഭാകരന്റെ അവതാരിക

വില 90രൂപ കോപ്പികൾക്ക്

എം. ഒ. /ഡി. ഡി. അയയ്ക്കുക

കേരളീയം,തൃശ്ശൂർ-21